## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.107** — **28.04.2017** [illegible]

### ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി<br>,, എസ്.ശർമ്മ<br>,, യു. ആർ. പ്രദീപ്: | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ ഗുണനിലവാരമുള്ള കുടിവെള്ളം സംസ്ഥാനത്തെ എല്ലാ വീടുകളിലും എത്തിക്കുന്നതിനായി കേരള ജല അതോറിറ്റി ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | എ) ഗുണനിലവാരമുള്ള കുടിവെള്ളം സംസ്ഥാനത്തെ എല്ലാ വീടുകളിലും എത്തിക്കുക എന്ന ദൗത്യമാണ് കേരള ജല അതോറിറ്റി ഏറ്റെടുത്തിട്ടുള്ളത്. ഇപ്പോൾ നിലവിലുള്ള 1078 ശുദ്ധജലവിതരണ പദ്ധതികളിലായി 18.12 ലക്ഷം ഗാർഹിക കണക്ഷനുകൾ വഴിയും 2.08 ലക്ഷം പൊതുടാപ്പുകളും വഴിയും ഏകദേശം 52.3 ലക്ഷം ജനങ്ങൾക്ക് ജലവിതരണം നടത്തുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും മറ്റു ധനകാര്യ സ്ഥാപനങ്ങളുടേയും സഹായത്തോടെ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെയാണ് ഇപ്പോൾ ജലവിതരണം നടത്തുന്നത്. സംസ്ഥാനത്തെ 941 പഞ്ചായത്തുകളിൽ 472 പഞ്ചായത്തുകളിലും 87 മുൻസിപ്പാലിറ്റികളിൽ 66 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ശുദ്ധീകരണശാലകൾ സ്ഥാപിച്ച് ശുദ്ധീകരിച്ച കുടിവെള്ളമാണ് വിതരണം ചെയ്യുന്നത്. കൂടാതെ 168 പഞ്ചായത്തുകളിലും 12 മുൻസിപ്പാലിറ്റികളിലും ശുദ്ധീകരണശാലകളില്ലാത്ത ചെറുകിട ജലവിതരണ പദ്ധതികളിൽ നിന്നും ജലവിതരണം നടത്തി വരുന്നു. ശുദ്ധീകരണശാലകളിൽ നിന്നും ലഭ്യമാകുന്ന 2057.13 ദശലക്ഷം ലിറ്റർ ജലവും ശുദ്ധീകരണശാലകളില്ലാത്ത ചെറുകിട ജലവിതരണ പദ്ധതികളിൽ നിന്നും ലഭ്യമാകുന്ന 460.54 ദശലക്ഷം ലിറ്ററും ഉൾപ്പെടെ 2517.67 ദശലക്ഷം ലിറ്റർ ജലമാണ് ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നത്.<br><br>കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും സഹായത്തോടെ നടന്നു വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.<br><br>ഇതുകൂടാതെ കുട്ടനാട് പ്രദേശങ്ങളിലെ കഠിനമായ ജലദൗർലഭ്യം പരിഹരിക്കുന്നതിനായിപതിമൂന്നാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 70 കോടി രൂപയുടെ പദ്ധതിയുടെ പണികൾ ഇപ്പോൾ പുരോഗമിച്ചു വരികയാണ്. |
| ബി സ്ഥാപനശാക്തീകരണത്തിനും സാമ്പത്തിക പര്യാപ്തതയ്ക്കും ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗം എന്താണ്; | ബി കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപന ശാക്തീകരണത്തിനും സാമ്പത്തിക പര്യാപ്തതയ്ക്കും താഴെപ്പറയുന്ന മാർഗ്ഗങ്ങൾ കേരള വാട്ടർ അതോറിറ്റി ആവിഷ്കരിച്ചിട്ടുണ്ട്. |

1.പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 14 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജലഅതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ പദ്ധതികളും ഈ 14 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജലഅതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ് സൈറ്റ് തുറന്നു.

4. ഉപഭോക്തൃ സേവനത്തിനുള്ള ചാർട്ടർ രേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ്ഡിവിഷനുകളിലും ഹെൽപ് ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു.

6. അറ്റകുറ്റ പണികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലേയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.

8. കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിനായി ഒരു എനർജി മാനേജ് മെന്റ് പദ്ധതി നടപ്പിലാക്കി വരുന്നു.

9. ജലഅതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്സ്), ഇ-പേമെന്റ് സംവിധാനവും കംപ്ലയിന്റ് റീഡ്രസ്സൽ സിസ്റ്റവും ഇ-ടെണ്ടറിംഗും നടപ്പിലാക്കി.

10. ഉപഭോക്താക്കൾക്ക് കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ ലഘൂകരിച്ചു. ഇതുവഴി കണക്ഷൻ വർദ്ധിപ്പിക്കുന്നതിനും വരുമാനം കൂട്ടുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

11. ജലവിതരണശൃംഖലയിലെ ജലചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. അതുവഴി ജലചോർച്ച തടഞ്ഞ് വാട്ടർ അതോറിറ്റിയുടെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

12. അരുവിക്കരയിൽ ഒരു കുപ്പിവെള്ള യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇതുവഴി വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

| | | | |
|---|---|---|---|
| | | | ഇത്തരം പ്രവൃത്തികൾ വഴി വാട്ടർ അതോറിറ്റി സാമ്പത്തിക പര്യാപ്തത നേടുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി | അതോറിറ്റിയെ പ്രോസസ്സ് ഓർഗനൈസേഷൻ ആക്കി മാറ്റണമെന്ന ലക്ഷ്യം ജലവിതരണരംഗത്ത് ഏതു തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാക്കും; | സി | അതോറിറ്റിയെ പ്രോസസ്സ് ഓർഗനൈസേഷൻ ആക്കി മാറ്റിയാൽ പ്രവർത്തനങ്ങൾക്ക് കൃത്യത കൈവരുകയും വ്യക്തമായ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനരീതി നടപ്പിലാകുകയും ചെയ്യും. ഇത് സ്ഥാപനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കും. നിലവിലുള്ള മാനവവിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തുവാനും മെച്ചപ്പെട്ട സേവനനിലവാരം കൈവരിക്കുവാനും സാധിക്കുന്നതാണ്. ഐ.റ്റി മേഖലയിൽ ഇപ്പോൾ നടന്നു വരുന്നതും ഭാവിയിലേയ്ക്ക് വിഭാവനം ചെയ്തിട്ടുള്ളതുമായ വിവിധ തരം സോഫ്റ്റ് വെയറുകൾ അതോറിറ്റിയെ പ്രോസസ്സ് ഓർഗനൈസേഷൻ ആക്കി മാറ്റാൻ ഉതകുന്നവയാണ്. തന്മൂലം ജലവിതരണരംഗത്ത് മെച്ചപ്പെട്ട നിർവ്വഹണം നടപ്പിലാക്കാൻ സാധിക്കുകയും ചെയ്യുന്നു. ഉപഭോക്താക്കൾക്കുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകുവാനും പരാതി പരിഹാര പ്രക്രിയ ത്വരിതപ്പെടുത്തുവാനും സാധിക്കും. ഇതുവഴി ജലവിതരണ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകും. |
| ഡി | കുടിവെള്ള വിപണനത്തിനായി പുതിയ ഏജൻസികളെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | ഡി | ഇപ്പോൾ പരിഗണനയിലില്ല. |

Renuka Sankar

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | എണ്ണം | ഭരണാനുമതി ലഭിച്ച തുക (ലക്ഷം രൂപ) |
|---|---|---|---|
| 1 | ദേശീയ ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി | 188 | 207540.00 |
| 2. | നബാർഡ് | 65 | 75954.00 |
| 3. | സ്റ്റേറ്റ് പ്ലാൻ/ സാർക്ക് | 32 | 91355.00 |
| 4. | ജന്റം, യുഡിസ്മാറ്റ് | 8 | 60481.75 |
| 5. | കിഫ്ബി- പ്രത്യേക നിക്ഷേപ പദ്ധതി | 23 | 125710.00 |
| 6. | അമൃത് പദ്ധതി | 20 | 19593.00 |
| 7. | ഉൽപ്പാദനവിതരണശൃംഖല കാര്യക്ഷമമാക്കൽ | 230 | 9458.69 |
| 8. | സംസ്ഥാനസർക്കാർ സഹായത്തോടെയുള്ള ഗ്രാമീണശുദ്ധജലവിതരണപദ്ധതികൾ | 4 | 6017.07 |
| 9. | നഗരശുദ്ധജലവിതരണപദ്ധതി | 6 | 6729.30 |
| 10. | ജിക്ക കുടിവെള്ളപദ്ധതി | 1 | 5250.00 |

മുകളിൽ പറഞ്ഞ പദ്ധതികൾ കൂടാതെ തീരദേശ വികസന കോർപറേഷൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ന്യൂനപക്ഷക്ഷേമവകുപ്പ് എന്നിവയുടെ ധനസഹായത്തോടെയും എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ട്, എം.പി. ഫണ്ട് എന്നിവയുപയോഗിച്ചും ചെറുകിട ജലവിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ